MOST - URGENT - TIME LIMIT

"ഭരണഭാഷ - മാതൃഭാഷ"

ഡിസിഇ/അനോമലി സെൽ/23156/2017.

ചീഫ് എൻജീനിയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം,
തീയതി 26/02/2019.

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം - ജലസേചനം-ജീവനക്കാര്യം - ജീവനക്കാരുടെ പ്രൊമോഷൻ, സീനിയോരിറ്റി തുടങ്ങിയവയിലുള്ള ക്രമക്കേടുകൾ പരിഹരിക്കുന്നതിന് ഒരു വിഭാഗം മിനിസ്റ്റീരിയൽ ജീവനക്കാർ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ മുമ്പാകെ സമർപ്പിച്ച പരാതി - അനോമലി സെല്ലിന്റെ പരിശോധന സമയ ബന്ധിതമായി പൂർത്തിയാക്കുന്നത് - സംബന്ധിച്ച്.

സൂചന - 1. 23/01/2019 -ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ സർക്കുലർ.
2. 1/02/2019 -ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ സർക്കുലർ.

സൂചനയിലേയ്ക്ക് എല്ലാ കാര്യാലയമേധാവികളുടേയും ശ്രദ്ധ ക്ഷണിക്കുന്നു. വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സീനിയോരിറ്റി, പ്രൊമോഷൻ എന്നീ വിഷയങ്ങളിലുള്ള ക്രമക്കേടുകൾ കണ്ടുപിടിച്ച് പരിഹരിക്കുന്നതിന് രൂപീകരിച്ച അനോമലി സെല്ലിന്റെ റിപ്പോർട്ട് 13/05/2019 ന് മുൻപ് സമർപ്പിക്കാതിരുന്നാൽ ആയത് **കോടതിയലക്ഷ്യത്തിനിടയാക്കും** എന്നതിനാൽ 10/02/2019 ന് മുമ്പായി വകുപ്പുതല പരീക്ഷയുടെ അസ്സൽ സർട്ടിഫിക്കേറ്റുകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് വിഴ്ചവരുത്തിയ ജീവനക്കാർക്ക് ഒരവസരം നൽകുന്നതിനുവേണ്ടി സൂചന പ്രകാരം നിർദ്ദേശിച്ചിരുന്നു. കൂടാതെ എല്ലാ കാര്യാലയ മേധാവികളും തങ്ങളുടെ കാര്യാലയത്തിലെ നിലവിലെ ക്ലറിക്കൽ ജീവനക്കാരുടെയും ടി കാര്യാലയത്തിൽ നിന്നും വിരമിച്ച മുഴുവൻ ക്ലറിക്കൽ ജീവനക്കാരുടേയും നിർത്തലാക്കിയ കാര്യാലയങ്ങളിൽ നിന്നു സൂക്ഷിക്കുന്നതിനായി നൽകിയിട്ടുള്ള വിരമിച്ച ജീവനക്കാരുടേയും (01/04/1990-ന് ശേഷം വിരമിച്ചവരുടേതുൾപ്പെടെ) എല്ലാ സർവ്വീസ് പുസ്തകങ്ങളും പരിശോധനയ്ക്കു നൽകി പരിശോധന പൂർത്തിയാക്കിയിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ ക്ലറിക്കൽ ജീവനക്കാരുടെ സർവ്വീസ് ബുക്കുകളും നൽകാൻ ഈ കാര്യാലയത്തിൽ നിന്ന് കർശന നിർദ്ദേശം നൽകിയിരുന്നു. എല്ലാ സർവ്വീസ് ബുക്കുകളുടേയും പരിശോധന പൂർത്തിയാക്കിയ ശേഷമേ സത്യവാങ്മൂലം സമർപ്പിക്കാവൂ എന്നും വ്യക്തമായി നിർദ്ദേശിച്ചിരുന്നു. അതിനായി 15/02/2019-ാം തീയതി സമയപരിധിയായി നിശ്ചയിച്ച്

23/01/2019-ൽ വകുപ്പിന്റെ വെബ്സൈറ്റിൽ നിർദ്ദേശം നൽകിയിരുന്നു. വകുപ്പുതല അന്വേഷണം തുടങ്ങി ഒന്നേകാൽ വർഷം കഴിഞ്ഞും പരിശോധന പൂർത്തിയാക്കാത്തവർക്ക് മേൽ സർക്കുലർ പ്രകാരം വീണ്ടും 23 ദിവസം (23/01/2019 മുതൽ 15/02/2019 വരെ) അനുവദിക്കുകയും ചെയ്തിരുന്നു. വീഴ്ചവരുത്തുന്നത് കോടതിയലക്ഷ്യത്തിനിടയാക്കും എന്നും പ്രസ്തുത കോടതിയലക്ഷ്യത്തിന് വീഴ്ചവരുത്തുന്ന കാര്യാലയമേധാവിയും ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കും മാത്രമായിരിക്കും ആയതിന് ഉത്തരവാദി എന്നും അറിയിച്ചിരുന്നു. എന്നാൽ ചില കാര്യാലയങ്ങളിൽ നിന്ന് പരിശോധന പൂർത്തിയാക്കാതെ പരിശോധന പൂർത്തിയാക്കി എന്ന് തെറ്റായ സത്യവാങ്മൂലം നൽകിയതായും മറ്റു ചില കാര്യാലയങ്ങളിൽ നിന്ന് പരിശോധന പൂർത്തിയാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതിനു പകരം ചില വ്യക്തികളുടെതൊഴികെ പരിശോധന പൂർത്തിയാക്കി എന്ന് സത്യവാങ്മൂലത്തിൽ ഭേദഗതി വരുത്തി നൽകിയതായും കാണുന്നു. ചുരുക്കം ചില കാര്യാലയ മേധാവികൾ ചീഫ് മേധാവികൾ സത്യവാങ്മൂലം സമർപ്പിക്കുകപോലും ചെയ്തിട്ടില്ല എന്നും ബോധ്യപ്പെട്ടിരിക്കുന്നു.

ആയതിനാൽ ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവ് സമയബന്ധിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പദ്ധ്യക്ഷൻ നൽകിയ നിർദ്ദേശം പാലിക്കാതെ പ്രസ്തുത നടപടി തടസ്സപ്പെടുത്തുന്നരീതിയിൽ നിരുത്തരവാദപരമായി പെരുമാറിയ ആഫീസ് മേധാവികൾക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി കൈക്കൊള്ളാതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് 08/03/2019-ന് വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ കാര്യാലയത്തിൽ നേരിട്ട് ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ,
ജലസേചനവും ഭരണവും

എംഎം/

To, IT Cell (For website publication)